(ബി) ബാധകമല്ല.

(സി) ബാധകമല്ല.

കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് സംവിധാനം

4 (4332) ശ്രീ. എം. പ്രകാശൻ മാസ്റ്റർ :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന് സംസ്ഥാനം സമർപ്പിക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് കേരള ഹൗസിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളാണ് ഈ വിഭാഗത്തിന്റെ അടിയന്തര പരിഗണനയിലുള്ളത് ;

(സി) കേരളത്തിൽ നിന്നുള്ള എം.പി. മാർക്ക് ഈ സെല്ലിൽ നിന്നും ആവശ്യമായ വിവരങ്ങൾ നൽകുന്നുണ്ടോ ;

(ഡി) സംസ്ഥാനം കേന്ദ്രസർക്കാരിനു നൽകുന്ന പദ്ധതികളെ സംബന്ധിച്ച സമയബന്ധിത പരിശോധനാ സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

കേന്ദ്രസർക്കാരിന് സംസ്ഥാനം സമർപ്പിക്കുന്ന പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് ഡൽഹി കേരള ഹൗസിൽ റസിഡന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ ഒരു ലെയ്സൺ വിംഗ് പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് കൊച്ചി മോട്രോറെയിൽ പദ്ധതി, ഐ.ഐ.ടി., കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, കോസ്റ്റൽ സോൺ മാനേജ്മെന്റ്, ഉൾനാടൻ ജലഗതാഗതം, സുനാമി ദുരിതാശ്വാസം; വെട്ടിക്കുറച്ച അരിവിഹിതം പുനഃസ്ഥാപിക്കൽ, കുട്ടനാട് പാക്കേജ്, എ.പി.എൽ. അരിവിഹിതം, തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ചിനായുള്ള അനുമതി, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കായുള്ള പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി, ദേശീയ അതിവേഗ പാത നെറ്റ് വർക്കിൽ കേരളത്തേയും ഉൾപ്പെടുത്തൽ, പാലക്കാട് ജില്ലയിൽ റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നത്, മലബാർ കാൻസർ സെന്റർ, ആലപ്പുഴ ടി.ഡി.എം.ഓങ്കോളജി സെന്റർ, പിന്നോക്ക വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതി വിഹിതം, സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം ലഭ്യമാക്കുക എന്നിങ്ങനെ വിവിധ പദ്ധതികൾ ലെയ്സൺ വിഭാഗത്തിന്റെ അടിയന്തര പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നൽകുന്നുണ്ട്. ഈ ആവശ്യത്തിന് വേണ്ടി എം.പി.സെൽ പ്രവർത്തിച്ച് വരുന്നു.

(ഡി) ഉണ്ട്. സംസ്ഥാനം കേന്ദ്ര സർക്കാരിനു സമർപ്പിക്കുന്ന പദ്ധതി കളുടെ പകർപ്പ് ലെയ്സൺ വിഭാഗത്തിനു ലഭിക്കാറുണ്ട്. അതിലൂടെ കേന്ദ്ര സർക്കാർ മന്ത്രാലയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ടെത്തി നടപടികൾ ത്വരിതപ്പെടുത്തുവാൻ സമയബന്ധിതമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ പദ്ധതികളുടെ സ്ഥിതി സംസ്ഥാന സർക്കാരിനെ അറിയിക്കാറുമുണ്ട്.

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയലുകളിൻമേൽ വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിന് നടപടി

5 (4335) ശ്രീ. എം. കെ. പ്രേംനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പല പ്രധാന ഫയലുകളും വേണ്ട വിധത്തിൽ നീങ്ങുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എം.എൽ.എ. മാരും അവരുടെ പി.എ. മാരും വിവരങ്ങൾ അന്വേഷിക്കുമ്പോൾ പല ഉദ്യോഗസ്ഥരും വ്യക്തമായ മറുപടി നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എം.എൽ.എ. മാർ മുഖേന നൽകുന്ന പരാതികൾക്ക് പല വകുപ്പ് ഉദ്യോഗസ്ഥരും അതാത് എം.എൽ.എ. മാർക്ക് മറുപടി നൽകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പ്രധാന ഫയലുകൾ ഉൾപ്പെടെ എല്ലാ ഫയലുകളിലും കാലതാമസം കൂടാതെ തീരുമാനങ്ങൾ എടുത്ത് തീർപ്പ് കൽപ്പിക്കുന്നതിന് കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിൽ വ്യക്തമായ നിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു പുറമെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഫയൽനീക്കം ശക്തിപ്പെടുത്തുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കാലാകാലങ്ങളിൽ വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി & ഡി) എം.എൽ.എ.മാരും പാർലമെന്റ് അംഗങ്ങളും മന്ത്രിമാർക്കും വകുപ്പ് തലവൻമാർക്കും നൽകുന്ന നിവേദനങ്ങൾക്ക് മറുപടി നൽകുന്നതു സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ചില വകുപ്പ് മേധാവികൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശിച്ച സർക്കുലറിലെ

LIBRARY ARCHIVES Kerala Legislative Assembly